പഞ്ചായത്തു ഭരണത്തിൻമേൽ സർക്കാരിന്റെ നിയന്ത്രണം കർശനമാകുന്നു എന്ന പരാതി

44 [1613] ശ്രീ. പിണറായി വിജയൻ:

,, എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ആക്ടിൽ അനുശാസിച്ചിട്ടില്ലാത്ത തരത്തിൽ ഗ്രാമ, ബ്ലോക്ക്, ജില്ലാതല പഞ്ചായത്തുകളുടെ തീരുമാനങ്ങളിലും പ്രവർത്തനത്തിലും ഗവൺമെന്റ് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക കാര്യങ്ങളിലും പഞ്ചായത്തു സംവിധാനത്തിനു മേൽ കർശനമായ പരിധിയും നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുള്ളതു മൂലം പഞ്ചായത്തു സമിതികൾക്ക് സുഗമമായി പ്രവർത്തിക്കാൻ കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഇല്ല.
(ബി) ഇല്ല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണച്ചെലവിന് അനുവദിച്ച തുക

45 [1614] ശ്രീ. എ. യൂനുസ്കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണ കാര്യങ്ങൾക്കായി എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഏതെല്ലാം കാര്യങ്ങൾക്കുവേണ്ടിയാണ് ഈ തുക വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഭരണകാര്യങ്ങൾക്കായി ജില്ലാ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് സർക്കാർ രണ്ട് കോടി രൂപ ഗ്രാന്റ് ഈ വർഷം അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റിനത്തിൽ ഈ വർഷം 2,83,36,289 രൂപ നൽകിയിട്ടുണ്ട്.

(ബി) ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ ആഫീസു ചെലവുകൾക്കായും പഞ്ചായത്ത് ജനപ്രതിനിധികൾക്കു വേതനവും അലവൻസുകളും നൽകുന്നതിനായും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുവേണ്ടിയും, ജില്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകിയ ഗ്രാന്റ് ഉപയോഗപ്പെടുത്തുന്നു. മുൻവർഷം നേരിടേണ്ടിവന്ന ഭരണ ചെലവുകളുടെ ഒരു ഭാഗം സർക്കാർ വഹിക്കുന്നു എന്ന നിലയ്ക്കാണ് ഗ്രാമ പഞ്ചായത്തുകൾക്ക് എസ്റ്റാബ്ലിഷ്മെന്റ് ഗ്രാന്റ് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly